61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950    Participant Code: 109

വിഷയം: അവൻ / അവൾ / അവരാരായിരുന്നു।

## തിരികെയെത്തിയ വസന്തം.

അപ്രതീക്ഷിതമായി വീണ്ടും അവൾ എന്നിലേയ്ക്ക് കടന്നുവന്നു! എങ്ങോട്ടെന്നറിയാത്ത നീണ്ട പാത... ഭയപ്പെടുത്തുന്ന നിശബ്ദത... ദിക്കും ദിശയുമറിയാതെ ഞാൻ ആരെയോ തിരയുകയായിരുന്നു!

പഴക്കമുള്ള ഓർമ്മകളിലെ കൊഴിഞ്ഞുപോയ ഏതോ വസന്തകാലത്തെ ഓർമ്മിപ്പിക്കുന്നെന്നപോലെ വഴിനീളെ കുഞ്ഞു മഞ്ഞപ്പൂക്കൾ നിറഞ്ഞുനിന്നിരുന്നു. സായാഹ്നം ചായം ചാലിച്ച ആകാശത്തിലാകെ ഇരുട്ട് പടരാൻ തുടങ്ങിയിരിക്കുന്നു. ആ ഇരുളിൽ ഒരുപാട് നക്ഷത്രങ്ങൾ പൂത്തു. അവയും അവിടെ ഒരു വസന്തം തീർത്തു.

കയ്യിൽ ആർക്കോ വേണ്ടി കരുതിയ വയലറ്റ് പൂക്കൾ വാടിയിരുന്നു. വലിച്ചെറിഞ്ഞുകളയാനായി മനസ്സുവന്നില്ല.

പെട്ടന്നൊരുനാൾ ശൂന്യതയിലേയ്ക്ക് തള്ളിയിട്ട് തിരിഞ്ഞുനോക്കാതെ നടന്നകന്നിട്ടും ഇനിയും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അയാളുടെ തിരിച്ചുവരവിനെ പ്രതീക്ഷിക്കുന്നതിൽ അർത്ഥമുണ്ടോ? അറിയില്ല!
അറ്റമില്ലാത്ത കാത്തിരിപ്പിൽ ഇനി പ്രതീക്ഷകൾക്ക് സ്ഥാനമുണ്ടോ എന്നറിയില്ല!.. എങ്കിലും...

നിലാവുകലങ്ങിക്കിടക്കുന്ന പുഴയുടെ തീരത്തായി-രുന്ന ആ പാതയുടെ അറ്റം. ചിന്തകളെ അലസമായി അലയാൻ വിട്ട് ഞാൻ അവിടെയുണ്ടായിരുന്ന സിമെന്റു ബെഞ്ചിലിരുന്നു.

"അമ്മീ..." അശരീരി!

ഏറെ പരിചിതമായ ശബ്ദം. ഞാൻ ചുറ്റും നോക്കി. ദൂരെ സ്ട്രീറ്റ്‌ലൈറ്റിന്റെ വെളിച്ചത്തിൽ അവൾ കൈവീശിക്കാണിച്ചുകൊണ്ട് ~~എന്റെ~~ അരികിലേയ്ക്ക് ഓടിവരുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു.

സാറ! അന്നത്തെപോലെ,
കയ്യിലൊരു പുസ്തകമുണ്ട്, കണ്ണുകൾക്ക് അതേ തിളക്കം, ~~നെറ്റിയിൽ നിരയായി ചീകിയിട്ടിരിക്കുന്ന ചെറിയ മുടി~~ നെറ്റിയിൽ ചെറുതാക്കി നിരയായി ചീകിയിട്ടിരിക്കുന്ന മുടി, ചിരി!

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അവൾ ഓടിവന്ന് എന്റെ കൈപിടിച്ചു. ഞാൻ എഴുന്നേറ്റുനിന്നു. അകാരണമായി എന്റെ കണ്ണുകൾ നിറയാൻ തുടങ്ങി. കാരണം ചോദിക്കാതെ അവൾ എന്നെ കെട്ടിപിടിച്ചു.

ഒരക്ഷരത്തെന്ന് പറഞ്ഞില്ല, ഉപദേശങ്ങൾ നൽകാൻ തിടുക്കപ്പെട്ടില്ല. ആശ്വാസവാക്കുകൾകൊണ്ടുള്ള സ്നേഹപ്രകടനങ്ങളുണ്ടായിരുന്നില്ല.

ഞങ്ങൾ ആ സിമന്റുബെഞ്ചിലിരുന്നു.

മൗനം!

ഞങ്ങൾ ഇരുവരുടേയും അനന്തമായ ചിന്തകൾ ഒരുപാടുനേരം അലക്ഷ്യമായെങ്ങോട്ടൊക്കെയോ സഞ്ചരിച്ചുകൊണ്ടിരുന്നു.

ഒരുപാടുനേരത്തെ മൗനത്തിനൊടുവിൽ അവൾ പറഞ്ഞു "വരൂ.. ഇനിയും ഇവിടെ ഇരുന്നാൽ മടുക്കും, നമുക്ക് കുറച്ച് നടക്കാം" പറഞ്ഞുതീർന്നു-ന്നതിനോടൊപ്പം അവൾ എഴുന്നേറ്റു. ഞാൻ അവളെ പിൻതുടർന്നു.

"സാറാ.." കരഞ്ഞതിനാൽ ചെറുതായൊന്ന് ഇടറിയ ശബ്ദത്തോടെ ഞാൻ അവളെ വിളിച്ചു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

"ഉം.." മറുപടിയായി അവൾ മൂളി.
"ഈ രാത്രികൂടി കഴിഞ്ഞാൽ... പുതിയ വർഷം!"
ദൂരെനിന്നും ആഘോഷങ്ങളും, ആരവങ്ങളും,
പുതുവർഷത്തെ വരവേൽക്കാനുള്ള ആളുകളുടെ
ആഹ്ലാദധ്വനികളെല്ലാം കേട്ടുതുടങ്ങിയിരുന്നു.
"അമ്മി-- എല്ലാം ശരിയാകും" ഞാൻ പറയാതെ
തന്നെ എന്നെ അവൾ മനസ്സിലാക്കിയിരുന്നു.
"നിനക്കുള്ളതാണെങ്കിൽ നിന്നിലേയ്ക്ക്
തനിയെ വന്ന് എത്തിച്ചേരും..
അല്ലെങ്കിൽ!
അല്ലെങ്കിൽ ഇപ്പോൾ സംഭവിക്കുന്നതെല്ലാം നല്ലതിനാണ്
എന്ന് നീ മനസ്സിലാക്കണം." അവൾ പറഞ്ഞു
തീർന്നതിനുശേഷം വെറുതെ എന്നെനോക്കി
കണ്ണുചിമ്മി കാണിച്ചുകൊണ്ട് ഒന്ന് പുഞ്ചിരിച്ചു.
വീടുകൾക്കു മുൻപിൽ തൂക്കിയിട്ടിരിക്കുന്ന വാൽനക്ഷത്രങ്ങൾ,
അലങ്കരിച്ച പുൽക്കൂടുകൾ, കാഴ്ചകൾ കണ്ട് ഞങ്ങൾ
നടത്തം തുടർന്നു.
"ഞങ്ങൾ വീണ്ടും കണ്ടുമുട്ടിയിരുന്നു" ഞാൻ പറഞ്ഞു.
അവൾ പെട്ടന്നെന്നെ തിരിഞ്ഞുനോക്കി.

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 109

ഞാൻ തുടർന്നു.
"സഹയാത്രിക സബ്മിറ്റ് ചെയ്തപ്പോൾ...
ആദ്യകോപ്പി അയാൾക്കുതന്നെ കൊടുക്കണമെന്ന്
ആദ്യമേ കരുതിയതായിരുന്നു"
"സഹയാത്രിക?" അവൾ സംശയത്തോടെ ചോദിച്ചു.
"അതെ! നമ്മൾ കണ്ടിട്ട് ഒരുപാടായില്ലേ... ഞാൻ
അതിനിടയിൽ ഒരു പുസ്തകമെഴുതിയിരുന്നു."
"വായിച്ചിട്ട് അയാളെന്തുപറഞ്ഞു?" അവളിൽ
സാധാരണയായി ഞങ്ങളുടെ കഥ കേൾക്കാനുണ്ടാകാറുള്ള
ആവേശം ഞാൻ അപ്പോഴും കണ്ടു.
"സാഹിത്യത്തിൽ ഒട്ടും വശമില്ലാത്ത അയാളെങ്ങനെ
ആ വരികളിലെ ആഴം മനസ്സിലാക്കാനാണ്!
അതിന്റെ ആത്മാവിനെയറിയാനാണ്!" ഞാൻ
മറുപടിപറഞ്ഞു.
പിന്നെയും കുറച്ചുനേരം ഞങ്ങൾക്കിടയിൽ സംഭാഷ-
ണങ്ങളൊന്നുമുണ്ടായില്ല.
"പുസ്തകം കൊടുത്തപ്പോൾ അയാൾ എന്ത് പറഞ്ഞു?"
അവൾ ചോദിച്ചു.
"ഏടുകൾ വെറുതെ മറിച്ചുനോക്കി, പിൻകുറിപ്പിലൂടെ
കണ്ണോടിച്ചു. പിന്നീട് വായിക്കാമെന്ന് പറഞ്ഞിരുന്നു".

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

എനിക്ക് പിന്നെയും ഒരുപാട് സംസാരിക്കണമെന്നുണ്ടായി.
കുട്ടിക്കാലത്ത് തോന്നിയ ഒരു പൊട്ടത്തരമായി കാണാൻ
അന്ന് അയാൾ പറഞ്ഞ, അയാളോട് ഞാൻ പോലുമറിയാ-
തെ പ്രണയം തോന്നിയപ്പോൾ, പ്രണയിക്കാതെപോയ
ആ പ്രണയകാലത്തിന്റെ ഓർമ്മകളിൽ ഞാൻ ഇന്നും
കുടുങ്ങിക്കിടക്കുകയാണെന്ന് പറയണമെന്നുണ്ടായിരുന്നു"
ഞാൻ പറഞ്ഞു.

"ഒരുപക്ഷെ അയാളും അന്നത് ~~ആഗ്രഹിക്കു~~
ആഗ്രഹിച്ചിരുന്നതില്ലേ?"

ഞാൻ മറുപടി പറഞ്ഞില്ല. ആ നിമിഷത്തിൽ
അയാളുടെ കണ്ണുകളിലെ നിസ്സഹായത കണ്ട് ഒരു
മാത്ര ഞാനന്ന് അങ്ങനെ കരുതിയിരുന്നു.

~~അവള~~ അയാളുടെ അവസ്ഥ ഞാനോർത്തു.
കൗമാരത്തിന്റെ ആരംഭത്തിൽ ആദ്യമായി പ്രണയം
തോന്നിയവളോട് അത് തുറന്നുപറയാതെ ഒരു
പ്രണയകാലം ആസ്വദിക്കുകയും, ഇരുവഴികളിലേയ്ക്ക്
~~നടന്നകന്നതിനുശേഷം~~ നടന്നകന്നതിനുപിന്നെ
വർഷങ്ങൾക്കുശേഷം അവൾക്കുള്ളിൽ അന്നുണ്ടായ
പ്രണയം തുറന്നുപറയുമ്പോൾ അത് നിരസിക്കേണ്ട
അവസ്ഥ വരുകയും, പിന്നീട് കാലം കടന്നുപോയി

ഇന്ന് അയാൾ ഒരു യുവാവായി തീരുകയും ചെയ്തിരിക്കുന്നു.
അന്ന് അതേ സൗമ്യമുള്ള ഗൗരവമില്ലാത്ത, അലസമായി
വസ്ത്രം ധരിക്കുന്ന, മുടി ചീകിയൊതുക്കാത്ത,
താൻ ഇന്ന് ഒന്നുമല്ല എന്ന് അയാൾക്ക് പോലും
തോന്നുന്ന രീതിയിലായിക്കഴിഞ്ഞിരിക്കുന്നു.

ആകാശത്തിൽ പല വർണ്ണങ്ങളിൽ പടക്കം
പൊട്ടിത്തുടങ്ങി. വർണ്ണമഴ!

പുതുവർഷം!

ഞാനും സാറയും തമ്മിൽ നോക്കി - ചിരിച്ചു -
അവൾ എന്റെ തോളിൽ ചാരി ആകാശത്തേയ്ക്ക്
നോക്കിനിന്നു.

അവൾ എന്റെ നേരെ തിരിഞ്ഞുനിന്ന് രണ്ട്
തോളിലും കൈകൾ വച്ചുകൊണ്ട് പിന്നെയും പറഞ്ഞു-
"എല്ലാം ശരിയാകും!"

ഞങ്ങൾ നടന്നു. ടാറിട്ട റോഡിലൂടെ, ഏതോ
ഇടവഴിയിലൂടെ.. എങ്ങോട്ടെന്നറിയില്ല... ആ യാത്ര
അങ്ങനെ തുടർന്നു - - -

ഒരേ ദിശയിലേയ്ക്കലയുന്ന ചിന്തകളോടൊപ്പം
ഞങ്ങൾ സഞ്ചരിച്ചുകൊണ്ടിരുന്നു.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 950 Participant Code: 109

ഞാൻ പെട്ടന്ന് ഞെട്ടിയുണർന്നു.
സാറ! എന്റെ ചുണ്ടുകൾ ശബ്ദമുണ്ടാക്കാതെ അവരുടെ പേര് മന്ത്രിച്ചു. ഞാൻ എന്റെ മുറിയിൽ ചുറ്റും നോക്കി.

സ്വപ്നം!

പണ്ടെന്നോ കണ്ട ആ അപൂർണ്ണമായ സ്വപ്നത്തിന്റെ തുടർച്ച--- അവൾ? അവളാരാണ്?

അവിശ്വസനീയത നിറഞ്ഞ കണ്ണുകളോടെ ഞാൻ ഉണർന്നിട്ടും സ്വപ്നലോകത്തിലിരിക്കുന്നതുകണ്ട് അയാൾ ഒരുപാട് നേരമായി എന്നെ തട്ടിവിളിക്കുന്നു. പെട്ടന്ന് യാഥാർത്ഥ്യത്തിലേക്ക് തിരിച്ചുവന്ന ഞാൻ അയാളെ മുറുകെ കെട്ടിപ്പിടിച്ചു. എന്തെന്നറിയാതെ അവൻ അമ്പരപ്പോടെ എന്നെ നോക്കി.

എന്റെ കണ്ണുകൾ നനയാൻ തുടങ്ങിയതു കണ്ടപ്പോഴേക്കും അയാൾ ചുംബനങ്ങൾകൊണ്ട് ആ നിമിഷങ്ങളെ മനോഹരമാക്കി. ശേഷം ഒരു ചെറു ചിരികൊണ്ട് പോലും ~~[illegible]~~ അവൻ വസന്തം തീർത്തു. ആ നിമിഷങ്ങളിൽ ഞാൻ വീണ്ടും ആ വാക്കുകൾ ഓർത്തു.

"എല്ലാം ശരിയാകും!"

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)